# Deepika

## 16 July 2018

## Chellanam, Sea Level Rise, Homes were Flooded



ചെല്ലാനത്ത് കടൽകയറ്റം

# നൂറോളം വീടുകളിൽ വെള്ളം കയറി

**പള്ളുരുത്തി:** ചെല്ലാനത്ത് കടൽക്ഷോഭം രൂക്ഷമായതോടെ നൂറോളം വീടുകളിൽ വെള്ളംകയറി. മറുവക്കാട്, ചെല്ലാനം ബസാർ, വേളാങ്കണ്ണി, കമ്പനിപ്പടി എന്നിവിടങ്ങളിലാണ് കടൽകയറ്റത്തെത്തുടർന്ന് വീടുകളിൽ വെള്ളം കയറിയത്. ഇന്നലെ ഉച്ചയോടെയാണ് കടൽക്ഷോഭം രൂക്ഷമായത്. ശക്തിയോടെ ആഞ്ഞടിച്ച കടൽ കരയിലേക്ക് കയറുകയായിരുന്നു.

കടൽഭിത്തി തകർന്ന പ്രദേശങ്ങളിൽ ഇവ നിർമിക്കാത്തതാണ് വീടുകളിലേക്ക് വെള്ളം കയറാൻ ഇടയാക്കിയിരിക്കുന്നത്, ഇവിടെ താത്കാലിക മണൽവാട നിരത്തിയിരുന്നെങ്കിലും രൂക്ഷമായ കടൽകയറ്റത്തിൽ ഇവയെല്ലാം ഒലിച്ചുപോയി.

കടൽഭിത്തി വേണമെന്നാവശ്യപ്പെട്ട് നാട്ടുകാർ പലതവണ സമരങ്ങൾ സംഘടിപ്പിച്ചിരുന്നെങ്കിലും കടൽഭിത്തി നിർമാണത്തിന് ഇതുവരെ നടപടിയുണ്ടായിട്ടില്ല.